റാവുസാഹിബ് കെ. അയ്യപ്പൻ: ൨ ൫൩%.

മിസ്റ്റർ പി. നാരായണമേനോൻ: വലിയവ്യത്യാസം ഇല്ലാത്ത നിലക്ക് നാട്ടുകാക്ക് കൊടുക്കുകയായിരുന്നില്ലെ നല്ലത് ?

റാവുസാഹിബ് കെ. അയ്യപ്പൻ: അങ്ങിനെയായാൽ വിളിക്കുന്നത് വളരെ കൂടുതലായി എന്നുവരും.

VISIT OF HEADS OF DEPARTMENT TO VYPEEN

145. മിസ്റ്റർ എം. കെ. വർഗീസ്: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട ഗവൺമെണ്ട ദയവായി മറുപടി പറയുമോ.—

(എ) ഏതെല്ലാം വകുപ്പദ്ധ്യക്ഷന്മാരാണ് ൧൯൫൨-ൽ വൈപ്പിൻകര ഔദ്യോഗികമായി സന്ദർശിച്ചിട്ടുള്ളത്;

(ബി) വകുപ്പദ്ധ്യക്ഷന്മാക്ക വൈപ്പിൻകരയിലേക്ക് അനുവദിക്കുന്ന ടി. എ. യുടെ തോതെന്ത്?

റാവുസാഹിബ് എ. മാധവപ്രഭു:

(എ) (൧) ഡയറക്ടർ ഓഫ് ലൈബ്രറീസ്, (൨) റജിസ്ട്രേഷൻ ആൻറ് അഡീഷൽ സൂപ്രണ്ടൻറ്, (൩) പരസ്പരസഹായസംഘം റജിസ്ട്രാർ, (൪) സിക്രട്ടറി, കൊച്ചിൻ സ്റ്റേറ്റ് സെയിലേഴ്സ്, സോഫ്ജേഴ്സ് ആൻറ് എയർമെൻസ് ബോർഡ്, (൫) ലേബർ കമ്മീഷണർ, (൬) അധഃകൃത സംരക്ഷകൻ, (൭) പോലീസ് കമ്മീഷണർ, (൮) ദിവാൻ പേഷ്കാർ, (൯) ചീഫ് എഞ്ചിനീയർ, (൧൦) പഞ്ചായത്ത് ഡയറക്ടർ, (൧൧) എക്സൈസ് കമ്മീഷണർ.

(ബി) ഇപ്പോഴത്തെ പോലീസ് കമ്മീഷണരൊഴിച്ച് ബാക്കിയുള്ള വകുപ്പദ്ധ്യക്ഷന്മാക്ക കൊച്ചി സർവ്വീസ് റഗുലേഷനിലെ നിബന്ധനകളും അനുസരിച്ചുള്ള സഞ്ചാരബത്ത യാണുവാവുന്നതാണ്. ഈ നിരക്ക കൊച്ചി സർവ്വീസ് റഗുലേഷൻ ഇ. അനുബന്ധത്തിൽ കൊടുത്തിട്ടുണ്ട്. പോലീസ് കമ്മീഷണർക്ക മദിരാശിയിലെ നിയമം അനുസരിച്ചാണ് ഈ കൊടുക്കുന്നത്.

മിസ്റ്റർ പി. കെ. ഡീവർ: മദ്രാസിലേയും കൊച്ചിയിലേയും ഈ നിരക്ക് തമ്മിൽ നോക്കുമ്പോൾ അതേ rank-ൽ ഇവിടത്തെ ഉദ്യോഗസ്ഥന്മാക്ക് ഉള്ള ബത്തയ്ക്ക് എത്ര വ്യത്യാസമുണ്ടെന്ന് പറയാമോ?

മിസ്റ്റർ കെ. ഗോവിന്ദമേനോൻ: നോട്ടീസ് വേണം.

മിസ്റ്റർ എം. കെ. രാജാ: കൊച്ചിയിലെ നിരക്കിനേക്കാളും കൂടുതലാണൊ മദ്രാസിലെ നിരക്ക്?

മിസ്റ്റർ കെ. ഗോവിന്ദമേനോൻ: അതെ.

WITHDRAWAL OF COCOANUT CONTROL IN TRAVANCORE AND BRITISH INDIA

146. Mr. Paramel Ipe Ipe (*Kunnamkulam*): Will Government be pleased to state.—

(*a*) is it a fact that the control over cocoanut and cocoanut produce has been withdrawn in Travancore and British India;

(*b*) whether our Government has received any communication about the withdrawal of the control before it is withdrawn;

(*c*) if so, when was that information received by our Government?

Mr. P. Govinda Menon (*Minister for Food and Education*):

(*a*) Yes.

(*b*) and (*c*) A communication was received by this Government on 21st June 1947 from the Resident, Madras States and the controls here were lifted the very same day.

ARTICLE IN THE "DEEPAM" DATED 6TH EDAVAM 1122

147. മിസ്സിസ്സ് ടി. ഫ്രാൻസിസ്സ്: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട ഗവൺമെണ്ട സദയം മറുപടി പറയുമോ.—

"ദീപം" ദിനപത്രം ൧൯൪൬ എടവം ൨൰-ാംനു (൧൯൪൭ മേയ് ൯–ാംനു) പരസ്യപ്പെടുത്തിയ കൊച്ചിയിലെ പ്രത്യേകിച്ചും എറണാകുളത്തെ ഏറ്റവും നാറാംപിടിച്ച മുതുകാര്യത്തെപ്പറ്റി എഴുതിയിരുന്നതു ഗവൺമെണ്ടിൻെറ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

റാവുസാഹിബ്ബ് കെ. അയ്യപ്പൻ : ഉണ്ട്.

മിസിസ്സ് ടി. ഫ്രാൻസിസ്സ് : ഈ നാറ്റംപിടിച്ച സ്ഥലം അവിടത്തെ ജനങ്ങൾക്ക് ഉപദ്രവകരമാണെന്ന് ഗവമ്മെണ്ടിനു മനസ്സിലായിട്ടുണ്ടല്ലൊ.

റാവുസാഹിബ്ബ് കെ. അയ്യപ്പൻ : അതു് അവിടെ ഇരിക്കുന്നതു് വളരെ ഉപദ്രവകരമാണെന്ന് ഗവമ്മെണ്ടിനു് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. അതു് അവിടെനിന്നു് മാറ്റുവാൻ വേറെ സ്ഥലം അന്വേഷിച്ചു വരികയാണുചെയ്യുന്നതു്.

മിസ്സിസ്സ് ടി. ഫ്രാൻസിസ്സ് : അതു് അവിടെ നിന്നും മാറ്റുവാൻ ഉള്ള ആലോചനയുണ്ടെന്നും, അതിനു് ഒരു തീരുമാനമായിട്ടുണ്ടെന്നും കേൾക്കുന്നുണ്ട്. ആ തീരുമാനമെന്തായി?

റാവുസാഹിബ്ബ് കെ. അയ്യപ്പൻ : ഒരു സ്ഥലത്തു നിന്നു് മാറ്റണമെന്നു് എത്രത്തോളം പ്രക്ഷോഭണം ഉണ്ടായിരുന്നുവോ, അതിലും അധികം പ്രക്ഷോഭണം അതു വേറൊരു സ്ഥലത്തേക്കു് കൊണ്ടുപോകുവാൻ ആലോചന വന്നാൽ ആ സ്ഥലത്തു നിന്നും വരും. ഗവമ്മെണ്ടു്. വാസ്തവത്തിൽ ഉടനെ വേണ്ടതു ചെയ്യുവാൻ തീർച്ചപ്പെടുത്തിയിരിക്കുകയാണു്.

മിസിസ്സ് ടി. ഫ്രാൻസിസ്സ് : ഇതിനെ സംബന്ധിച്ചാലോചിക്കുന്നതിനു് നിശ്ചയിച്ചിരിക്കുന്ന കമ്മിറ്റി എന്തു നിർദ്ദേശമാണു് ചെയ്തിരിക്കുന്നതു്?

റാവുസാഹിബ്ബ് കെ. അയ്യപ്പൻ : അവിടന്നു മാറ്റുവാൻ നിർദ്ദേശിച്ചിട്ടുണ്ടു്. താമസിയാതെ അതു എവിടേക്കെങ്കിലും മാറ്റുകയും ചെയ്യും.

മിസ്റ്റർ കെ. എസ്സ്. പണിക്കർ : ഈ കമ്മിറ്റി ഒരു നിശ്ചയിച്ച കമ്മിറ്റിയാണു്?

റാവുസാഹിബ്ബ് കെ. അയ്യപ്പൻ : ഗവമ്മെണ്ടു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ : ഏതൊക്കെയാണു് ആ കമ്മിറ്റിയിലെ അംഗങ്ങൾ?

റാവുസാഹിബ്ബ് കെ. അയ്യപ്പൻ : അവരുടെ പേരു ഇവിടെ വായിക്കാം. ദിവാൻ പേഷ്കാർ, പബ്ലിക്കുഹെൽത്തു് ഡയറക്ടർ, ചീഫ് എഞ്ചിനീയർ, ചീഫ് സിക്രട്ടറി, മുനിസിപ്പൽ ചെയർമാൻ, മെ. പി. ഗോവിന്ദമേനോൻ, പി. നാരായണമേനോൻ, കെ. അയ്യപ്പൻ and മിസിസ്സ് ടി. ഫ്രാൻസീസ്സു്, പ്രസിഡണ്ട് ഓഫ് ദി ലോക്കൽ പഞ്ചായത്തു് ഇവരാണു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ : കമ്മിറ്റിയിലെ മെമ്പർമാർ എറണാകുളം മുനിസിപ്പാലറ്റിയിലെ ആളുകളാണൊ?

റാവുസാഹിബ്ബ് കെ. അയ്യപ്പൻ: എല്ലാവരും അല്ല.

മിസ്റ്റർ പി. കെ. ഡിവർ ; ഈ കമ്മിറ്റി അഭിപ്രായപ്പെട്ടിട്ടുള്ളതിൽ വ്യത്യസ്താഭിപ്രായമുണ്ടോ?

റാവുസാഹിബ്ബ് കെ. അയ്യപ്പൻ : മിസ്റ്റർ പി. നാരായണമേനോൻ ഡിസെൻറിങ്ങ് മിനിട്ട് സ് ഉണ്ടാകുമെന്നു അതിൽ പറഞ്ഞിട്ടുണ്ടു്.

മിസ്റ്റർ പി. കെ. ഡിവർ : ഇപ്പോഴത്തെ സ്ഥലത്തുനിന്നു് വേറെവല്ല സ്ഥലത്തേക്കും മാറ്റണമെന്നു് പറഞ്ഞിട്ടുള്ളതിൽ, ആ സ്ഥലത്തേക്കു കൊണ്ടുചെല്ലരുതു് എന്നു ആക്ഷേപങ്ങൾ കിട്ടിട്ടുണ്ടോ?

റാവുസാഹിബ്ബ് കെ. അയ്യപ്പൻ : ആക്ഷേപങ്ങൾ കിട്ടിട്ടുണ്ടു്. ഈ ആക്ഷേപത്തെക്കുറിച്ചു പറയുകയാണെങ്കിൽ, ഒരു സ്ഥലത്തു നിന്നു മറ്റൊരു സ്ഥലത്തേക്കു മാറ്റണം എന്നു കേൾക്കുമ്പോൾ അവരുടെ അനുഭവം ഇപ്പോൾ കല്ലൂരിലെ മാതിരിയായിരിക്കുമെന്നാണു് അവർ ധരിക്കുക. സെപ്റ്റിറ്റിക് ടാങ്ക് സമ്പ്രദായം നടപ്പാക്കുവാനാണു് തീർച്ചപ്പെടുത്തിയിരിക്കുന്നതു്. അങ്ങിനെയാണെങ്കിൽ യാതൊരു ബുദ്ധിമുട്ടും ഉണ്ടാകയില്ല. എത്രപറഞ്ഞാലും ആളുകൾക്കു അതു ബോദ്ധ്യമാകാതെ തെറ്റിദ്ധരിക്കുകയാണെങ്കിൽ യാതൊരു ഗത്യന്തരവുമില്ല. ഇപ്പോൾ ആർക്കും ഉപദ്രവമില്ലാത്തവിധം, അടുത്തെങ്ങും ആളുകളില്ലാത്ത ഒരു സ്ഥലമാണു് ഇതിനുവേണ്ടി ഉദ്ദേശിച്ചിരിക്കുന്നതു്. ആ സ്ഥലത്തേക്കു കൊണ്ടുപോയാൽ ആർക്കും ഒരുപദ്രവവും ഉണ്ടാകാനില്ല.

മിസ്റ്റർ പി. നാരായണമേനോൻ : എന്നാൽ ആ സമ്പ്രദായം ഇവിടെത്തന്നെ എന്തുകൊണ്ടു ചെയ്യാൻ പാടില്ല?

LIBRARY ARCHIVES Kerala Legislative Assembly

റാവുസാഹിബ്ബ് കെ. അയ്യപ്പൻ : ഇവിടെ അതിന്നുവേണ്ട ജല സൌകര്യമില്ല.

മിസ്റ്റർ പി. മാണി : ഈ സാധനം പരിഷ്കൃത രാജ്യങ്ങളിൽ വളരെ നല്ലവണ്ണമായി ഉപയോഗപ്പെടുത്തുന്നുണ്ടെന്നു അറിയാമൊ?

റാവുസാഹിബ്ബ് കെ. അയ്യപ്പൻ : അറിയാം. ഇവിടെ ലാബൂരിൽതന്നെ വളമായെടുക്കുന്നുണ്ട്.

മിസ്റ്റർ പി. മാണി : വളരെ വിശേഷപ്പെട്ട വളം ആക്കാവുന്ന ഈ സാധനം ഈ രൂപത്തിൽ നഷ്ടപ്പെടുത്തി കളയുകയാണെന്നു് ഗവണ്മെണ്ടിന്നു് ബോദ്ധ്യപ്പെട്ടിട്ടുണ്ടൊ?

റാവുസാഹിബ്ബ് കെ. അയ്യപ്പൻ : അതു വളമാകുന്നതിന്നു മുമ്പു് ഉണ്ടാകുന്ന ഉപദ്രവം തിക്കുന്നതിന്നുള്ള ഒരു പദ്ധതിയിലാണു് ഗവണ്മെണ്ടിന്റെ ശ്രദ്ധ ഇപ്പോൾ പതിഞ്ഞിരിക്കുന്നതു്.

ചൌധരി ജി. എസ്സ്. ധാരാസിംഗ് : ഇത്ര വിശേഷപ്പെട്ട സാധനം നഷ്ടമാക്കിക്കളയാതിരിക്കാൻ ആവശ്യപ്പെട്ടുംകൊണ്ടു ബഹുമാനപ്പെട്ട കണയന്നൂർ മെമ്പർ അദ്ദേഹത്തിന്റെ നിയോജകമണ്ഡലത്തിലേക്കു് ഇതു്കൊണ്ടുപോവാൻ ക്ഷണിക്കുകയുണ്ടായിട്ടുണ്ടൊ? (ചിരി)

റാവുസാഹിബ്ബ് കെ. അയ്യപ്പൻ : അദ്ദേഹത്തിന്റെ നിയോജകമണ്ഡലത്തിലേക്കു് കൊണ്ടുപോകാൻ വിരോധമില്ലെന്നു് എന്നോടുപറഞ്ഞു. നാളുകൂടെ ഒപ്പിട്ട ഒരു ഹർജിയുംകൊണ്ടുവന്നാൽ വേണ്ടില്ല എന്നും ഞാനും പറഞ്ഞു. പക്ഷെ അതിന്നു് മുനിസിപ്പാലിറ്റിക്കു് വളരെ ചിലവുവരും.

മിസ്റ്റർ പി. മാണി : ഇതിനെ നല്ല വളമാക്കിത്തീർക്കുവാൻ വേണ്ട ജ്ഞാനം സമ്പാദിക്കുന്നതിന്നു വേണ്ടി വല്ല ഏർപ്പാടും ചെയ്തിട്ടുണ്ടൊ?

റാവുസാഹിബ്ബ് കെ. അയ്യപ്പൻ : ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ ഇതു്വളമാക്കിയാൽ നല്ലതാണെന്നു് ഗവണ്മെണ്ടിന്നും മറ്റെല്ലാവർക്കും അറിയാം. തൽക്കാലം ഇതു് ഇവിടെ നിന്നും കൊണ്ടുപോകുന്നതിന്നുള്ള വിഷമമാണു് നേരിട്ടിരിക്കുന്നതു്. അതിന്നുള്ള പരിഹാരമാണു് ആദ്യമായി കാണേണ്ടതു്.

GOVERNMENT SERVANTS—ADMISSION TO WAR SERVICE—REQUEST FOR—PARTICULARS REGARDING

148. മിസ്റ്റർ പി. നാരായണമേനോൻ : താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവണ്മെണ്ടു സദയം മറുപടി പറയുമോ.—

(എ) യുദ്ധം നടന്നുകൊണ്ടിരിക്കുന്ന കാലത്തു് ഇവിടത്തെ സർവ്വീസിലുള്ളവരിൽ എത്രപേർ തങ്ങളെ യുദ്ധസേവനത്തിന്നു് അയക്കുവാൻ ഗവണ്മെണ്ടിനോടു് അപേക്ഷിച്ചിട്ടുണ്ടു്;

(ബി) ഈ അപേക്ഷകളെല്ലാം ഗവണ്മെണ്ടു് അംഗീകരിച്ചുവൊ ;

(സി) അല്ലെങ്കിൽ എന്തുകൊണ്ടു ?

റാവുസാഹിബ്ബ് എ. മാധവപ്രഭു :

(എ) ഇങ്ങിനെയുള്ള അപേക്ഷകളുടെ എണ്ണം കാണിക്കുന്ന ഒരു പട്ടിക ഗവണ്മെണ്ടു വെച്ചിട്ടില്ല.

(ബി) ഇല്ല.

(സി) ചിലരുടെ സർവ്വീസു് ഗവണ്മെണ്ടിന്നു് അത്യന്താപേക്ഷിതമായി തോന്നിയതുകൊണ്ടു് അവരുടെ അപേക്ഷകളും അംഗീകരിക്കയുണ്ടായില്ല.

മിസ്റ്റർ പി. നാരായണമേനോൻ: പട്ടികവെച്ചിട്ടില്ലെങ്കിലും അപേക്ഷിച്ചിരുന്നവരെയെല്ലാം അയച്ചിട്ടില്ല എന്നല്ലെ വിചാരിക്കേണ്ടതു്?

റാവുസാഹിബ്ബ് എ. മാധവപ്രഭു: അങ്ങിനെയുമുണ്ടു്.

മിസ്റ്റർ പി. നാരായണമേനോൻ: ഇവിടത്തെ സർവ്വീസിലുണ്ടായിരുന്ന ആളുകളും അപേക്ഷിച്ചിട്ടും അവരെ അയച്ചിട്ടില്ലെങ്കിലും അവർ രാജ്യരക്ഷക്കുവേണ്ടി യുദ്ധത്തിൽചേരാൻ തയ്യാറുള്ളവരായിരുന്നു എന്നു് വ്യക്തമല്ലെ?

റാവുസാഹിബ്ബ് എ. മാധവപ്രഭു: അതു് വ്യക്തമാണു്.

മിസ്റ്റർ പി. നാരായണമേനോൻ: അങ്ങിനെ യുദ്ധത്തിൽ ചേരാൻ സാധിക്കാത്തതു് അവരുടെ കുറ്റമല്ലാത്തസ്ഥിതിക്കു് യഥാർത്ഥത്തിൽ യുദ്ധസേവനത്തിനു് പോയിട്ടുള്ളവർക്കു് ചെയ്തുകൊടുക്കുന്ന ആനുകൂല്യങ്ങളും ഇവർക്കും ചെയ്തുകൊടുക്കേണ്ടതല്ലെ?

LIBRARY ARCHIVES Kerala Legislative Assembly